# പഴയ ഉടമ്പടിയും പുതിയ ഉടമ്പടിയും തമ്മിലുള്ള വ്യത്യാസം

സാക് പുന്നൻ

WFTW 10 ആഗസ്റ്റ് 2014

പഴയ ഉടമ്പടിയും പുതിയ ഉടമ്പടിയും തമ്മിലുള്ള സർവ്വപ്രധാനമായ വ്യത്യാസം, ഒറ്റ വാചകത്തിൽ, രത്നച്ചുരക്കമായി കൊടുത്തിരിക്കുന്നു എന്നു ഞാൻ കരുതുന്ന വാക്യം റോമർ ആറാം അദ്ധ്യായത്തിലുണ്ട്. റോമർ 6:14ൽ നാം വായിക്കുന്നു: ഭനിങ്ങൾ ന്യായപ്രമാണത്തിനല്ല കൃപയ്ക്കത്രേ അധീനരാകയാൽ പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ല.''

ഭന്യായപ്രമാണം' എന്ന വാക്ക് പഴയ ഉടമ്പടിയുടേയും ദൈവത്തിന് യിസ്രായേലുമായുള്ള കരാറിന്റെയും പ്രതീകമാണ്. ആ ഉടമ്പടിയുടെ കരാറും വ്യവസ്ഥകളുമെല്ലാം ന്യായപ്രമാണം' എന്ന ആ ഒറ്റ് വാക്കിൽ അടങ്ങിയിരിക്കുന്നു. അതുപോലെ യേശുക്രിസ്തുവിലൂടെയുള്ള ദൈവത്തിന്റെ പുതിയ ഉടമ്പടിയുടെ കരാറും വ്യവസ്ഥകളുമെല്ലാം കൃപ' എന്ന ഒറ്റ വാക്കിൽ ക്രോഡീകരിച്ചിരിക്കുന്നു.

ഇവിടെ പറയുന്നതു നിങ്ങൾക്ക് ഒന്നുകിൽ ന്യായപ്രമാണത്തിന് അല്ല കൃപയ്ക്കാണ് അധീനരെങ്കിൽ, പാപത്തിനു നിങ്ങളുടെ മേൽ കർതൃത്വം ഉണ്ടാകാൻ കഴിയില്ല. നമുക്ക് അതു മറ്റൊരു വിധത്തിൽ പറയാം: അതിന്റെ മറുവശം, ഭനിങ്ങൾ കൃപയ്ക്കല്ല ന്യായപ്രമാണത്തിനാണ് അധീനരെങ്കിൽ പാപത്തിന് നിങ്ങളുടെ മേൽ കർതൃത്വം ഉണ്ടാകും.' എന്നതാണ്. അതുകൊണ്ട് ആത്യന്തികമായി നാം ന്യായപ്രമാണത്തിനാണോ, കൃപയ്ക്കാണോ അധീനരായിരിക്കുന്നത് എന്നു കണ്ടു പിടിക്കാനുള്ള മാർഗ്ഗം എന്താണ്? നാം അനേകം നിയമങ്ങളോടും ചട്ടങ്ങളോടുമുള്ള ബന്ധത്തിൽ ഒരു നിയമവാദിയാണോ എന്നു പരിശോധിക്കുന്നതിലൂടെയല്ല മറിച്ചു കുറച്ചുകൂടി ആഴമുള്ള ഇങ്ങനെ ഒരു പരിശോധന നടത്തുന്നതിലൂടെയാണ്: ഭപാപത്തിന് നിങ്ങളുടെമേൽ കർതൃത്വം ഉണ്ടോ? അതോ നിങ്ങൾക്കാണോ പാപത്തിന്റെ മേൽ കർതൃത്വം ഉള്ളത്?'

ഇതു വളരെ, വളരെ പ്രധാനപ്പെട്ട ചോദ്യമാണ്. യേശു വന്നത് എന്തിനാണെന്നും പഴയ ഉടമ്പടിയുടെ കീഴിൽ മോശെ വന്നത് എന്തിനാണെന്നും അനേകരും മനസ്സിലാക്കുന്നില്ല. ഞാൻ നിങ്ങളോടു ലളിതമായ ഒരു ചോദ്യം ചോദിക്കട്ടെ, ആരാണ് വലിയവൻ മോശെയാണോ കർത്താവായ യേശുക്രിസ്തുവാണോ? അതു വ്യക്തമാണ് മോശെ ദാസനും യേശു യജമാനനും ആണ്. യേശുവാണ് മോശെയേക്കാൾ വലിയവൻ.

ഇനി ഞാൻ നിങ്ങളോടു പറയട്ടെ: മോശെ യേശുവിനെക്കാൾ താണവനായിരിക്കുന്നതുപോലെ, ദൈവം മോശെയിലൂടെ യിസ്രയേലുമായി ചെയ്ത ആ പഴയ ഉടമ്പടി, ദൈവം യേശുവിലൂടെ ചെയ്ത പുതിയ ഉടമ്പടിയേക്കാൾ താണതാണ്. ഇതിന്റെ വിവക്ഷിതാർത്ഥം ഇതാണ്: പഴയ നിയമത്തിൽ മോശെയ്ക്കും ന്യായപ്രമാണത്തിനും ആളുകളെ ഒരു നിശ്ചിത ജീവിത നിലവാരത്തിലേക്കു കൊണ്ടുവരാൻ കഴിഞ്ഞു. എങ്കിൽ, യേശുവിനും പുതിയ ഉടമ്പടിക്കും അവരെ എന്തിലേക്കു കൊണ്ടുവരാൻ കഴിയണം? കുറച്ചുകൂടി ഉയർന്ന നിലവാരത്തിലേക്കോ അതോ പഴയ ഉടമ്പടിക്കു തുല്യമായ നിലവാരത്തിലേക്കോ? തീർച്ചയായും നിങ്ങൾ പറയും അതിന് പ്രത്യേക ഉയർന്ന നിലവാരം ഉണ്ടായിരിക്കേണ്ടതാണ് എന്ന്. അത്, ഒരു സൈക്കിളിനെ വിമാനത്തോടു താരതമ്യം ചെയ്യുന്നതു പോലെയാണ്! പഴയ ഉടമ്പടിയും പുതിയ ഉടമ്പടിയും തമ്മിലുള്ള വ്യത്യാസം സൈക്കിളും വിമാനവും പോലെയാണ്. സൈക്കിളിന് കഴിയുന്നതുപോലെ പഴയ ഉടമ്പടിക്കും നിങ്ങളെ ഒരു സ്ഥലത്തു നിന്നു മറ്റൊരു സ്ഥലത്തേക്കു കൊണ്ടുപോകാൻ കഴിയും. എന്നാൽ പുതിയ ഉടമ്പടിക്ക് നിങ്ങളെ ഒരു സ്ഥലത്തു നിന്ന് മറ്റൊരിടത്തേക്ക് ഒരു വിമാനത്തിനു കഴിയുന്നതുപോലെ വേഗത്തിൽ കൊണ്ടുപോകാൻ കഴിയും എന്നു മാത്രമല്ല ഇതു രണ്ടും തമ്മിൽ അജഗജാന്തരവുമുണ്ട്.

പഴയ ഉടമ്പടിക്ക് മനുഷ്യനെ ദൈവവുമായുള്ള കൂട്ടായ്മയുടെ ഒരു നിശ്ചിത സ്ഥാനം വരെ കൊണ്ടുവരാൻ കഴിയും. എന്നാൽ അതിനപ്പുറത്തേക്കു പറ്റില്ല. പഴയ നിയമ സമാഗമന കൂടാരത്തിൽ ഈ കാര്യം ദൈവം വിശദീകരിച്ചിരിക്കുന്നത്, വിശുദ്ധ സ്ഥലത്തിനും അതിവിശുദ്ധ സ്ഥലത്തിനും ഇടയിൽ കനമുള്ള ഒരു തിരശ്ശീല ഇട്ടുകൊണ്ടാണ്. അനന്തരം ദൈവം യിസ്രയേൽ ജനത്തോട് ഇപ്രകാരം പറഞ്ഞു: ഭഭആർക്കും അതിപരിശുദ്ധ സ്ഥലത്തേക്ക് പ്രവേശിക്കാൻ കഴിയുകയില്ല, ഈ തിരശ്ശീല നിങ്ങളെ തടഞ്ഞു

നിർത്തുന്നു. നിങ്ങൾക്ക് ഇവിടം വരെ വരാം. ഇതിനുപ്പുറത്തേക്കു പറ്റില്ല.'' ആ തിരശ്ശീലയ്ക്കപ്പുറത്ത്, ദൈവം തന്നെ ആ ദൈവാലയത്തിൽ പഴയ നിയമ ദേവാലയത്തിൽ വസിച്ചു. ആർക്കും അവിടെ പ്രവേശിക്കുവാൻ കഴിഞ്ഞില്ല. മഹാപുരോഹിതനു പോലും വർഷത്തിലൊരിക്കൽ മാത്രമേ അവിടെ പ്രവേശനമുള്ളു. എന്നാൽ യേശു കാൽവറിയിൽ മരിച്ചപ്പോൾ, ദൈവത്തിന്റെ സന്നിധിയിലേക്കുള്ള വഴി, തുറക്കപ്പെട്ടിരിക്കുന്നതിനാൽ ഇപ്പോൾ നമ്മുടെ ജീവിത നിലവാരം പഴയ നിയമത്തിലെ ആളുകളുടേതിനേക്കാൾ ഉയർന്നതായിരിക്കുമോ താഴ് ന്നതായിരിക്കുമോ? ഉത്തരം വളരെ വ്യക്തമാണ്: ദൈവവുമായി വ്യക്തിപരമായ കൂട്ടായ്മ കൂടാതെ ന്യായപ്രമാണം കൊണ്ടുമാത്രം, ആളുകൾക്ക് ഒരു നിശ്ചിത ജീവിത നിലവാരത്തിലെത്താൻ കഴിഞ്ഞെങ്കിൽ, ചീന്തിയ തിരശ്ശീലയ്ക്കുള്ളിൽ ഒരിക്കൽ ദൈവത്തോടു തന്നെ കൂട്ടായ്മയിൽ വന്നതിനുശേഷം, നമ്മുടെ ജീവിത നിലവാരം എത്ര ഉന്നതമായിരിക്കും!

എന്നാൽ ഇപ്പോഴും അനേകം അനേകം ക്രിസ്ത്യാനികളും ഇത് മനസ്സിലാക്കിയിട്ടില്ല. ഉദാഹരണത്തിന്, ക്രിസ്ത്യാനികൾ ചില ഭയങ്കരമായ പാപങ്ങളിൽ വീഴുന്നതിനെക്കുറിച്ച് നാം കാണുകയും കേൾക്കുയും ചെയ്യുന്നത് എന്തുകൊണ്ടാണ്? ഏലിശായോ സ്നാപകയോഹന്നാനോ സ്ത്രീകളുടെയോ പണത്തിന്റെയോ പിന്നാലെയോ ഓടുന്നത് നിങ്ങൾക്കു സങ്കല്പിക്കാൻ കഴിയുമോ? അവർക്കു കൃപ ലഭിച്ചിരുന്നില്ല, നമുക്കുള്ളതുപോലെ അവർക്ക് അതിവിശുദ്ധ സ്ഥലത്തേക്കുള്ള പ്രവേശനവും ലഭിച്ചിരുന്നില്ല. എന്നാൽ അതു കൂടാതെ തന്നെ അവർ അങ്ങനെയൊരു ജീവിതത്തിലേക്കു വന്നു. വിശ്വാസം ഉണ്ടായിരിക്കുകയും പുതിയ ഉടമ്പടിയുടെ കീഴിൽ നമുക്കുള്ള പ്രത്യേകാവകാശത്തിലേക്കു മുന്നേറുകയും ചെയ്യുമെങ്കിൽ, നമുക്ക് അവരെക്കാൾ എത്ര അധികം ആ നിലവാരത്തിലേക്കു വരാൻ കഴിയും!

അതാണ് പൌലൊസ് ഇവിടെ പറയുന്നത്; പാപം നിങ്ങളുടെ മേൽ കർതൃത്വം നടത്തുകയില്ല: കാരണം നിങ്ങൾ ന്യായപ്രമാണത്തിന്റെ കീഴിലല്ല കൃപയുടെ കീഴിലാണ്. മത്തായി 11:11ൽ അന്നുവരെ മനുഷ്യരായി ജനിച്ചവരിൽ ഏറ്റവും വലിയവൻ സ്നാപക യോഹന്നാനാണെന്ന് യേശു പറഞ്ഞു. (തീർച്ചയായും യേശുവിനെ ഒഴിച്ച്, അവിടുന്ന് ഒരു മാനുഷിക പിതാവിൽ നിന്നല്ല ജനിച്ചത്. അതുകൊണ്ട് യേശു താനും അതിൽ നിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്നു. എന്നാൽ മറ്റുള്ള എല്ലാവരിലും വലിയവൻ സ്നാപകയോഹന്നാനാണ്. യേശു തുടർന്നു പറഞ്ഞത്,. എന്നാൽ ഭസ്വർഗ്ഗരാജ്യത്തിൽ  ദൈവരാജ്യത്തിൽ ഏറ്റവും ചെറിയവൻ അവനെക്കാൾ വലിയവനായിരിക്കും' എന്നാണ്. അവിടുന്നു പറയാൻ ശ്രമിച്ചത് ഇതാണ്: ന്യായപ്രമാണത്തിന് ഒരു മനുഷ്യനെ കൊണ്ടുപോകാൻ കഴിഞ്ഞിട്ടുള്ള ഏറ്റവും ഉന്നതമായ ഇടം, ദൈവമക്കളിൽ ഏറ്റവും ബലഹീനനായ ഒരുവനെ കൃപയ്ക്കു കൊണ്ടെത്തിക്കുവാൻ കഴിയുന്ന ഇടത്തേക്കാൾ താഴ്ന്നതാണ്. അതുകൊണ്ട് കൃപയുടെ അധീനതയിൽ വരുന്ന തന്റെ മക്കൾ ഓരോരുത്തരും സ്നാപക യോഹന്നാനെക്കാൾ ഉന്നതമായ നിലയിലേക്ക് ഉയരണമെന്നാണ് ദൈവത്തിന്റെ ഹിതം. അവർ വാസ്തവത്തിൽ ആ ജിവിതം ജീവിക്കുമോ എന്നത് തീർത്തും മറ്റൊരു കാര്യമാണ്. എന്നാൽ കർത്താവായ യേശുക്രിസ്തുവിലൂടെ ദൈവം നമുക്കു കൃപ നൽകുന്നതുകൊണ്ട്, അവർ അത് മനസ്സിലാക്കുകയും കൃപ പ്രാപിക്കുകയും ചെയ്താൽ അതിനുള്ള സാധ്യത അവിടെയുണ്ട്!

ഭകൃപ'യോട് ഭകരുണ' എന്ന വാക്കിനെ താരതമ്യം ചെയ്യാം. എബ്രായർ 4:16ൽ വായിക്കുന്നു: നാം കരുണയും തക്ക സമയത്ത് സഹായത്തിനുള്ള കൃപയും പ്രാപിക്കേണ്ടതിന് ധൈര്യത്തോടെ കൃപാസനത്തിലേക്ക് വരിക' എന്ന്. മുമ്പ് ഒരു പഠനത്തിൽ ഞാൻ സൂചിപ്പിച്ചതുപോലെ ഭകരുണയും' 'കൃപയും' തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഭകരുണ' പ്രധാനമായി ഒരു പഴയനിയമ വാക്കാണ്. അതു കൂടെക്കൂടെ പഴയനിയമത്തിൽ കാണുന്ന ഒരു പദമാണ് കർത്താവിന്റെ കരുണ എന്നേക്കുമുള്ളത്.' ദാവീദ് പലപ്പോഴും അതിനെക്കുറിച്ചു പറയുന്നുണ്ട്. ആ കരുണയുടെ ഫലമായി, പഴയ നിയമത്തിൽ ആളുകൾക്കു തങ്ങളുടെ പാപം മറയ്ക്കപ്പെട്ടും ക്ഷമിക്കപ്പെട്ടും കിട്ടിയിരുന്നു. എന്നാൽ അവർക്ക് കഴുകപ്പെടാൻ കഴിഞ്ഞിരുന്നില്ല, ദാവീദിനും ഭപാപം മറഞ്ഞു കിട്ടിയ മനുഷ്യൻ ഭാഗ്യവാൻഭ എന്നു പറയാൻ മാത്രമേ കഴിഞ്ഞിരുന്നുള്ളു. യേശു കാൽവറിയിലെ ക്രൂശിൽ മരിക്കുന്നതുവരെ ആർക്കും അവരുടെ പാപങ്ങൾ കഴുകപ്പെട്ടു കിട്ടിയിരുന്നില്ല. എന്നാൽ ക്രിസ്തു വരുന്നതു വരെ അവ മറയ്ക്കപ്പെടുവാൻ കഴിഞ്ഞു. അവ ക്ഷമിക്കപ്പെട്ടു. നല്ലവണ്ണം അറിയപ്പെടുന്ന സങ്കീർത്തനമായ 103ാം സങ്കീർത്തനത്തിൽ, ദാവീദ് പറഞ്ഞു. ഭഎൻ മനമേ, യഹോവയെ വാഴ് ത്തുക, അവന്റെ ഉപകാരങ്ങളൊന്നും മറക്കരുത്, അവൻ നിന്റെ സകല പാപവും ക്ഷമിക്കുന്നു.'' അതു കരുണയാണ്. നമുക്കെല്ലാവർക്കും അത് ആവശ്യമാണു താനും. നമുക്കു കരുണ ആവശ്യമാണ്, നമുക്ക് പാപങ്ങൾ ക്ഷമിക്കപ്പെടേണ്ട ആവശ്യമുണ്ട്. എന്നാൽ പുതിയ ഉടമ്പടിയിൽ ഇതിൽ കൂടുതലായി ഏതോ ഒന്ന്

നമുക്കുണ്ട്  അതാണ് കൃപ. കരുണയേക്കാൾ കൂടുതലായ ഒരു കാര്യം; ഭാവിയിൽ നമ്മെ സഹായിക്കാനുള്ള എതോ കാര്യം; നമ്മുടെ പ്രകൃതത്തിലുള്ള വികാരങ്ങളെ ജയിക്കാൻ നമ്മെ സഹായിക്കുന്ന ഒരു കാര്യം. അതാണു കൃപ. വീണ്ടും ഇവിടെ പറയുന്നു. നമുക്കു കൃപാസനത്തിലേക്ക് വരാൻ കഴിയും. മാത്രമല്ല നാം കരുണ പ്രാപിക്കുന്ന സ്ഥലത്തു നിന്നുതന്നെ നമുക്ക് ആവശ്യസമയത്ത് സഹായത്തിനുള്ള കൃപയും പ്രാപിക്കാൻ കഴിയും.

ഇപ്പോൾ എന്താണ് നമ്മുടെ ആവശ്യത്തിന്റെ സമയം? നമ്മുടെ ആവശ്യത്തിന്റെ സമയം എന്നത് നാം നമ്മുടെ ജഡത്തിലുള്ള മോഹങ്ങളാൽ ഭയങ്കരമായ സമ്മർദ്ദങ്ങൾക്കു കീഴിലാകുന്ന സമയമാണ്, പിശാചിൽ നിന്ന് പാപം ചെയ്യാനുള്ള വലിയ സമ്മർദ്ദത്തിനു കീഴിലാകുന്ന സമയമാണ്. നാം പാപം ചെയ്യാനും വീഴുവാനും പ്രലോഭിപ്പിക്കപ്പെടുന്ന ആ നിമിഷത്തിൽ കൃപയ്ക്കു നമ്മെ സഹായിക്കാൻ കഴിയും. കൃപ എന്നത് സഹായമാണ്. എന്റെ ആവശ്യം എന്തു തന്നെ ആയാലും അതിനുള്ള സഹായം. എന്റെ ഇപ്പോഴത്തെ ആവശ്യം ഒരു പ്രത്യേക പാപത്തെ ജയിക്കാനുള്ള കഴിവാണെങ്കിൽ, കൃപയ്ക്ക് എന്നെ അവിടെ സഹായിക്കാൻ കഴിയും. ഉദാഹരണത്തിന് ഞാൻ ഒരു പർവ്വതത്തിൽ കയറിക്കൊണ്ടിരിക്കുകയാണെന്ന് കരുതുക. അപ്പോൾ തെന്നിവീഴാൻ തുടങ്ങുമ്പോൾ, ഞാൻ സഹായത്തിനായി ആവശ്യപ്പെട്ടാൽ ദൈവത്തിന് എന്നെ പൊക്കി ഉയർത്തി ഞാൻ വീഴാതെവണ്ണം നിർത്തുവാൻ കഴിയും. ഞാൻ സഹായത്തിനായി ചോദിച്ചില്ലെങ്കിൽ എന്റെ സ്വന്തശക്തിയിൽ ഞാൻ പാടുപെടുകയും ഞാൻ തെന്നിവീഴുകയും എന്റെ അസ്ഥികളൊക്കെ ഒടിയുകയും ചെയ്യു. അപ്പോൾ ഞാൻ ദൈവത്തോട് സഹായം ചോദിച്ചാൽ ഒരു ആംബുലൻസ് എന്നെ പൊക്കി എടുക്കുന്നു. കൊള്ളാം, ഇതും സഹായമാണ്. എന്നാൽ ഈ സഹായം കരുണയാണ്. ഞാൻ വീണു കഴിഞ്ഞ് ദൈവം ഭകരുണ'യോടെ എന്നെ പൊക്കി എടുക്കുന്നു, എന്നോടു ക്ഷമിക്കുന്നു. എന്നെ ആശുപത്രിയിലേക്കു കൊണ്ടുപോകുകയും ചെയ്യുന്നു. ഇതാണ് അനേക ക്രിസ്ത്യാനികളുടെയും അനുഭവം. അവർ വീഴുകയും ദൈവത്തോടു സഹായത്തിനായി ചോദിക്കുകയും ചെയ്യുന്നു. എന്നാൽ ഇതനേക്കാൾ നല്ല ഒരു മാർഗ്ഗം ഇല്ലേ? ഉണ്ട്. അതാണ് എന്റെ ആവശ്യസമയത്ത് എന്നെ സഹായിപ്പാനുള്ള കൃപ!

അടുത്ത പ്രാവശ്യം വീഴത്തക്കവണ്ണം പ്രലോഭനനത്തിന്റെ സമ്മർദ്ദം അത്ര ശക്തമായി കാണുമ്പോൾ എന്തുകൊണ്ട് നിങ്ങൾക്ക് കൃപയ്ക്കായി ചോദിച്ചുകൂടാ? ഇതു ഫലംപ്രദമാകുമോ എന്നു ശ്രമിച്ചു നോക്കുക. ആ നിമിഷം നിങ്ങൾ ദൈവത്തോട് ഇങ്ങനെ ചോദിക്കുക. ഭകർത്താവേ, ഇതിനെ ജയിക്കുവാൻ എനിക്കു കഴിയുന്നില്ല. അവിടുന്നു തന്നെ എന്നെ സഹായിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇതിനെ ജയിക്കാനുള്ള കൃപ എനിക്കു തരണമേ.' അപ്പോൾ ആ നിമിഷത്തിൽ തന്നെ നിങ്ങളെ ജയത്തിലേക്കു നയിക്കുവാൻ കൃപ വരുന്നത് നിങ്ങൾ കാണും.